**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 865** **12-06-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് കീഴിലുള്ള ഐ.ടി.ഐ. കളുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് കീഴിലുള്ള ഐ.ടി.ഐ. കളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെട്ടുത്തി കാലാനുസൃതമായി പുതിയ ട്രേഡുകൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ; | (എ) | പട്ടികജാതി വികസന വകുപ്പിന് കീഴിൽ 44 ഐ റ്റി ഐകളും പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 2 ഐ റ്റി ഐകളുമാണ് പ്രവർത്തിച്ച് വരുന്നത്. പ്രസ്തുത ഐ റ്റി ഐകളിൽ മികച്ച തൊഴിൽ സാദ്ധ്യതയുള്ളതും കേന്ദ്ര സർക്കാരിന്റെ ഡയറക്ടറേറ്റ് ജനറൽ ഓഫ് ട്രെയിനിംഗ് (DGT) അംഗീകരിച്ചതുമായ സർവ്വെയർ, ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഇലക്ട്രീഷ്യൻ, മെക്കാനിക് മോട്ടോർ വെഹിക്കിൾ, ഇലക്ട്രോണിക് മെക്കാനിക്, പെയിന്റർ(ജനറൽ), എന്നീ ദ്വിവത്സര കോഴ്സുകളിലും, വെൽഡർ, കാർപെന്റർ, പ്ലംബർ, സ്വീയിംഗ് ടെക്നോളജി എന്നീ ഏകവത്സര കോഴ്സുകളിലും, ഡ്രൈവർ കം മെക്കാനിക് എന്ന 6 മാസത്തെ കോഴ്സിലുമാണ് നിലവിൽ പരിശീലനം നൽകി വരുന്നത്. വകുപ്പിന് കീഴിലുള്ള വിവിധ ഐ റ്റി ഐ കളിൽ നിലവിൽ പരിശീലനം നല്കുന്ന ട്രേഡുകളിലെ വിദ്യാർത്ഥികളുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിയ്ക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് നിലവിലെ റഗുലർ പരിശീലനത്തോടൊപ്പം ഹ്രസ്വകാല കോഴ്സുകൾ (Add on courses) ആരംഭിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ഐ റ്റി ഐകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഓട്/ഷീറ്റ് മേഞ്ഞ കെട്ടിടങ്ങൾക്ക് പകരം ആധുനിക സൗകര്യങ്ങളോട് കൂടിയ കെട്ടിടങ്ങൾ നിർമ്മിയ്ക്കുകയും പുതിയ കെട്ടിട സൗകര്യങ്ങൾ അധികമായി വേണ്ട സ്ഥാപങ്ങളിൽ പുതിയ കെട്ടിട നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനോടൊപ്പം പരിശീലന കേന്ദ്രങ്ങളിൽ ആവശ്യമായ അറ്റകുറ്റ പണികളും നവീകരണ പ്രവൃത്തികളും നടത്തി വരുന്നു. വിവിധ ഐ റ്റി ഐകളിൽ സ്മാർട്ട് ക്ലാസ്സ് റൂമുകൾ സജ്ജീകരിയ്ക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ, |

| | | | |
|---|---|---|---|
| | | | ഫർണിച്ചർ എന്നിവ വാങ്ങുന്നതിനുള്ള നടപടികൾ ഇതിനോടകം സ്വീകരിയ്ക്കുകയും ഇനിയും ആവശ്യമായവ സംഭരിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു. എല്ലാ ഐ റ്റി ഐകളിലും ഇന്റർനെറ്റ് സൗകര്യത്തോട് കൂടിയ കമ്പ്യൂട്ടർ ലാബുകൾ സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ പരിശീലനത്തിനാവശ്യമായ പഠനോപകരണങ്ങളും സംഭരിച്ച് നല്കുന്നുണ്ട്. വകുപ്പിന്റെ കീഴിലുള്ള എല്ലാ ഐ റ്റിഐകളിലും കെ.ഫോൺ പദ്ധതി വഴി ഇന്റെർനെറ്റ് സൗകര്യം ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>ഇടുക്കി ജില്ലയിലെ നാട്ടുകാണി ഐറ്റിഐ യും, തിരുവനന്തപുരം ജില്ലയിലെ കുട്ടമല ഐറ്റിഐയുമാണ് പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ നിലവിലുള്ളത്.ഇതിൽ നാട്ടുകാണി ഐറ്റിഐ യുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി അക്കാദമിക് ബ്ലോക്ക്, 100 പേർക്ക് താമസിക്കാൻ സൗകര്യമുള്ള ഹോസ്റ്റൽ ബ്ലോക്ക് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചു. നാട്ടുകാണി ഐറ്റിഐ യിൽ നിലവിലുള്ള പ്ലംബർ, ഇലക്ട്രീഷ്യൻ എന്നീ ട്രേഡുകൾക്ക് പുറമേ പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. തിരുവനന്തപുരം ജില്ലയിലെ കുട്ടമല ഐ.റ്റി.ഐ യുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് വേണ്ടി കെട്ടിടത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. |
| (ബി) | ചിറയിൻകീഴ് മണ്ഡലത്തിലെ കോരാണി ഇടയ്ക്കോട് ഐ.ടി.ഐ.യിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനും ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സ്വീകരിച്ച നടപടിയിലെ നിലവിലെ പുരോഗതി വിശദമാക്കാമോ? | (ബി) | പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം ജില്ലയിലെ ഇടയ്ക്കോട് ഐറ്റിഐയിൽ പെയന്റർ (ജനറൽ) എന്ന ദ്വിവത്സര ട്രേഡിലാണ് നിലവിൽ പരിശീലനം നല്കുന്നത്. പ്രസ്തുത ഐ റ്റി ഐയ്ക്ക് വേണ്ടി പുതിയ കെട്ടിടം നിർമ്മിയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ